**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1050** **29-06-2026-ൽ മറുപടിയ്ക്ക്**

**ചോളമുണ്ട ജി എൽ പി സ്കൂളിന് പുതിയ കെട്ടിടം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** നിലമ്പൂർ മൂത്തേടം ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ ചോളമുണ്ട ജി എൽ പി സ്കൂൾ കെട്ടിടം ചുമരുകളുടെ ബലക്ഷയവും ഷീറ്റുകൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള മേൽക്കൂരയിലെ ഉത്തരങ്ങൾ പഴകി ദ്രവിച്ചതുമൂലവും അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഇല്ല. പ്രസ്തുത സ്കൂളിന്റെ കെട്ടിടങ്ങൾക്ക് ഈ വർഷം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത സ്കൂളിലെ നിലവിലുള്ള കെട്ടിടത്തിന് പകരം സുരക്ഷിതവും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ എട്ട് സ്മാർട്ട് ക്ലാസ് റൂമുകൾ അടങ്ങിയ പുതിയൊരു ശിശു സൗഹൃദ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**